കെ.എസ്.ആർ.ടി.സി. ബസ് ചെയ്സിസുകളും ലോ ഫ്ലോർ ബസ്സുകളും

266 (1971) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ് ചെയ്സിസുകൾ വാങ്ങിയിട്ടുണ്ട് ; ഇവയുടെ തുക എത്രയെന്നും ; ഇത് ബോഡി ചെയ്യാൻ ചെലവായ തുക എത്രയെന്നും വർഷം തിരിച്ച് വിവരിക്കുമോ ;

(ബി) കേരളത്തിൽ എത്ര ലോ ഫ്ലോർ ബസുകൾ നിരത്തിൽ ഓടുന്നുണ്ട് ; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2235 ബസ്സ് ഷാസ്സികൾക്ക് വിതരണ ഉത്തരവ് നൽകിയതിൽ 1563 ബസ്സ് ഷാസ്സികൾ ലഭിച്ചിട്ടുണ്ട്. വാങ്ങിയ ബസ്സ് ഷാസ്സികളുടെ എണ്ണവും അവയുടെ വിലയും ബോഡി നിർമ്മാണത്തിന്റെ ചെലവും വർഷം തിരിച്ച താഴെ ചേർക്കുന്നു :

വർഷം	എണ്ണം	ചെയ്സിന്റെ വില (രൂപ) കോടിയിൽ	ബോഡി നിർമ്മാണത്തിന്റെ ചെലവ് (രൂപ)കോടിയിൽ
2011	625	63.73	6.32 കോടി രൂപ (115 എണ്ണത്തിന്)
2012	325	34.25	28.86 കോടി രൂപ (541 എണ്ണത്തിന്)
2013	50	6.55	20.04 കോടി രൂപ (356 എണ്ണത്തിന്)
2014	114	11.89	3.26 കോടി രൂപ (46 എണ്ണത്തിന്)
2015 (10-6-2015 വരെ)	449	45.98	17.83 കോടി രൂപ (283 എണ്ണത്തിന്)

LIBRARY ARCHIVES Kerala Legislative Assembly

(ബി) 435 ലോ ഫ്ലോർ ബസുകൾ നിരത്തിൽ ഓടുന്നുണ്ട് (155 എ.സി., 280 നോൺ എ.സി.) ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു :

ജില്ല	എ.സി.	നോൺ എ.സി.
കാസർഗോഡ്	ഇല്ല	5
കണ്ണൂർ	ഇല്ല	8
കോഴിക്കോട്	12	1
വയനാട്	4	ഇല്ല
മലപ്പുറം	6	3
പാലക്കാട്	7	ഇല്ല
തൃശ്ശൂർ	9	ഇല്ല
എറണാകുളം	50	120
കോട്ടയം	8	8
ഇടുക്കി	6	ഇല്ല
പത്തനംതിട്ട	6	5
ആലപ്പുഴ	8	7
കൊല്ലം	9	3
തിരുവനന്തപുരം	30	120

ബസ്സ് യാത്രാ ടിക്കറ്റ് നിരക്ക്

267 (1972) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര തവണ ബസ് യാത്രാ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചുവെന്നും ഓരോ തവണയുമുള്ള നിരക്ക് വർദ്ധനയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

മൂന്ന് തവണ. (8-8-2011, 11-1-2012, 20-5-2014) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly